(8) പഠന സമയം പുനഃക്രമീകരിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഈ സംസ്ഥാനത്തെ ഹയർ സെക്കന്ററി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇപ്പോഴത്തെ പഠനസമയം രാവിലെ 9 മണിമുതൽ വൈകന്നേരം 4.45 വരെയാണ്. ഇതിനുമുമ്പ് ആറു ദിവസത്തെ പഠനം ഒരാഴ്ചയിൽ നടന്നു വന്നപ്പോൾ അത് അഞ്ച് ദിവസമാക്കി ചുരുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ ഈ സഭ മുമ്പാകെ ഒരു സബ്മിഷൻ അവതരിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകൈ എടുത്ത് അത് അഞ്ച് ദിവസമായി ചുരുക്കുകയും ലബ്ബാകമ്മീഷന്റെ ശിപാർശ നടപ്പിലാക്കുകയും ചെയ്തു. അങ്ങനെ അഞ്ച് ദിവസമായി ചുരുക്കിയിട്ടും പിന്നീട് പീരീഡ് സമയം അഡ്ജസ്റ്റ് ചെയ്യാനാണെന്നുപറഞ്ഞ് രാവിലെ 9 മുതൽ വൈകന്നേരം 4.45 വരെയാണ് ഇപ്പോൾ പഠനം നടത്തുന്നത്. ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികൾ പഠനരംഗത്ത് വളരെയേറെ സമ്മർദ്ദങ്ങൾ അനുഭവിക്കുന്നവരാണ്. തിരുവനന്തപുരം പോലുള്ള നഗരങ്ങളിൽ രാവിലെ ഇറങ്ങി നിന്നാൽ കുട്ടികളെ സ്കൂട്ടറിന്റെ പുറകിൽ കയറ്റി നാലുമണി മുതൽ അഞ്ചുമണിവരെ മാത്തമാറ്റിക്സിന്റെ ട്യൂഷൻ, അഞ്ചുമുതൽ ആറുവരെ ബയോളജി ട്യൂഷൻ, ആറുമുതൽ ഏഴു വരെ ഇംഗ്ലീഷ് ട്യൂഷൻ. ഇങ്ങനെ പുലർച്ചെ ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ് കുട്ടികളെയുംകൊണ്ട് ട്യൂഷന് പോകുകയാണ്. അതുകഴിഞ്ഞ് എട്ടുമണിക്ക് സ്കൂളിൽ പോയതിനുശേഷം വൈകിട്ട് നാലേമുക്കാലിന് സ്കൂൾ വിട്ടാൽ അവർ മടങ്ങിവരുന്നത് ആറ് മണിക്കോ ഏഴുമണിക്കോ ആണ്. അങ്ങനെവന്നാൽ ഉടനെ എൻട്രൻസ് കോച്ചിംഗ് സെന്ററിലേക്ക് പോകണം. അങ്ങനെ രാപ്പകൽ, അതിരാവിലെ ബ്രാഹ്മമുഹൂർത്തം മുതൽ രാത്രി പത്തുമണിവരെ കഠിനമായി അദ്ധ്വാനിക്കേണ്ട ഒരു ഭാരം ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്കുമാത്രം ഗവൺമെന്റ് വച്ചുകൊടുത്തിരിക്കുകയാണ്. അത് അശാസ്ത്രീയമായ ഒരു നടപടിയാണ്. അതിന്റെ ഒരാവശ്യമുണ്ടെന്നെനിക്ക് തോന്നുന്നില്ല. കുട്ടികൾ മാനസികമായി വളരെ പിരിമുറുക്കത്തിലും ബുദ്ധിമുട്ടിലുമാണ്. ഞാൻ ഇതിനെക്കുറിച്ച് നേരിട്ട് അന്വേഷിച്ചിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ടിട്ടുണ്ട്, അദ്ധ്യാപകരുമായി സംസാരിച്ചിട്ടുണ്ട്. വളരെ വേദനാജനകമാണ്. എഞ്ചിനീയറിംഗ് കോളേജിലോ മെഡിക്കൽ കോളേജിലോ ഐ.എ.എസ്. കോച്ചിംഗ് സെന്ററുകളിലോ ഉന്നതവിദ്യാഭ്യാസ സ്ഥപനങ്ങളിലോ എവിടെയും 4.45 വരെ എന്ന സമയമില്ല. അതുകൊണ്ട് എന്തു ബുദ്ധിമുട്ട് വന്നാലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും ഈ വിഷയത്തിൽ ഒരു പരിശോധന നടത്തി പഠനസമയം കാലത്ത് 9.30 മുതൽ വൈകന്നേരം 4 മണിവരെയാക്കണം. അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാതെ കുട്ടികളെ പഠനം, പഠനം എന്നുപറഞ്ഞ് സമ്മർദ്ദത്തിലാക്കുന്ന ഈ രീതി ഒട്ടും ശരിയായ നടപടിയല്ല. വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കുട്ടികളുടെ മാനസികമായ

LIBRARY ARCHIVES Kerala Legislative Assembly

പിരിമുറുക്കം താങ്ങാവുന്നതിൽ കൂടുതലാണ്. വീട്ടുകാർക്കും ബുദ്ധിമുട്ടാണ്. ഇവർക്കുമാത്രമായി എന്താണ് ഇത്രയും പഠിക്കാനുള്ളതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. അവർ അതിനെക്കാൾ ഉയർന്ന പഠനങ്ങൾ പഠിക്കാനുള്ള കോഴ്സുകൾക്ക് ചേരുമ്പോൾ ഇല്ലാത്ത ഒരു പഠിത്തം എന്തിനാണ്. വിദ്യാഭ്യാസ മേഖലയിൽ ഒരു വഴിത്തിരിവാണ് ഹയർസെക്കന്ററി ഘട്ടം. ആ കുട്ടികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ സഭ മുമ്പാകെ ഉന്നയിക്കുന്നത്. തീർച്ചയായും അതിനൊരു ഭേദഗതി വരുത്തി ഹയർസെക്കണ്ടറി പഠന സമയം 9.30 മുതൽ 4 മണിവരെയാക്കി നിജപ്പെടുത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരളത്തിലെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട പ്രൊഫ. പി. ഒ. ജെ. ലബ്ബ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകളിലെ പ്രധാനപ്പെട്ട ഒരു ശിപാർശ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആഴ്ചയിൽ നിലവിലുള്ള ആറ് പ്രവർത്തി ദിനങ്ങളിൽ ശനിയാഴ്ച ഒഴിവാക്കി അഞ്ച് ദിവസമായി കുറയ്ക്കുക എന്നതായിരുന്നു. ഈ ശിപാർശ സർക്കാർ പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അദ്ധ്യയന സമയങ്ങളിൽ കുറവുവരാതെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തി ദിവസങ്ങൾ ആഴ്ചയിൽ അഞ്ചായി നിജപ്പെടുത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. ഹയർ സെക്കണ്ടറി സ്കൂളുകളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.15 വരെയുള്ള സമയക്രമത്തിൽ ആഴ്ചയിൽ ആറ് പ്രവർത്തി ദിനങ്ങളിലായി 47 പീരിയഡുകളാണ് അദ്ധ്യയനത്തിനായി നിജപ്പെടുത്തിയിരുന്നത്. ഇപ്രകാരം വെള്ളിയാഴ്ച ഒഴികെയുള്ള അഞ്ച് പ്രവർത്തിദിനങ്ങളിൽ ആകെ 1675 മിനിട്ടും (5x335) വെള്ളിയാഴ്ച 295 മിനിട്ടുമടക്കം ആകെ 1970 മിനിട്ട് അദ്ധ്യയനത്തിന് ലഭ്യമായിരുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തിദിനം, സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തിക ബാധ്യതയുമുണ്ടാകാൻ പാടില്ലെന്ന വ്യവസ്ഥയ്ക്കുവിധേയമായി ശനിയാഴ്ച നഷ്ടപ്പെടുന്ന സമയം മറ്റുദിവസങ്ങളിൽ, അതായത് തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ ക്രമീകരിച്ച് 1-7-2014 മുതൽ ശനിയാഴ്ച ഒഴിവാക്കി ആഴ്ചയിൽ അഞ്ച് പ്രവർത്തി ദിവസമാക്കി 24-6-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 117/2014 പൊതുവിദ്യാഭ്യാസ പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇപ്രകാരം തിങ്കൾ മുതൽ വ്യാഴം വരെയുള്ള പ്രവർത്തിദിനങ്ങളിൽ 10 പീരിയഡുകളിലായി ആകെ 1620 മിനിട്ടും വെള്ളിയാഴ്ച 7 പീരിയഡുകളിലായി 350 മിനിട്ടുമടക്കം ആഴ്ചയിൽ ആകെ 1970 മിനിട്ടുതന്നെ അദ്ധ്യയനത്തിന് ലഭിക്കുന്നുണ്ട്. ശനിയാഴ്ച നഷ്ടപ്പെടുന്ന അദ്ധ്യയന സമയം മറ്റ് ദിവസങ്ങളിൽ ക്രമീകരിക്കുന്നതിനായി തിങ്കൾ മുതൽ വെള്ളിവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുദിവസങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 4.30 വരെയുള്ള സമയഘടനയിലാണ് ക്ലാസുകളുടെ സമയദൈർഘ്യം പുനഃക്രമീകരിച്ചത്. പ്രസ്തുത സമയഘടനയിൽ പീരിയഡുകൾക്കിടയിലുള്ള ഇടവേളകളും ഉച്ചഭക്ഷണത്തിനായുള്ള ഇടവേളയും അപര്യാപ്തമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രവർത്തിസമയങ്ങളിൽ ഇടവേളകൾ 10 മിനിട്ടായും ഉച്ചഭക്ഷണ ഇടവേള തിങ്കൾ മുതൽ വ്യാഴം വരെ 40 മിനിട്ടായും വെള്ളിയാഴ്ച 95 മിനിട്ടായും വർദ്ധിപ്പിച്ച് 16-9-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 189/2014 പൊതുവിദ്യാഭ്യാസ പ്രകാരം പുനഃക്രമീകരിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവുപ്രകാരം രാവിലെ 9 മണി മുതൽ വൈകുന്നേരം 4.45 വരെയാണ് ക്ലാസ് സമയം ക്രമീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഹയർ സെക്കണ്ടറി ടൈംടേബിൾ രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയാക്കി പുനഃക്രമീകരിക്കുന്നപക്ഷം ദിവസം 75 മിനിട്ടുവീതം ആഴ്ചയിൽ 6 മണിക്കൂർ 15 മിനിട്ട് അദ്ധ്യയന സമയത്തിൽ കുറവുവരും. തൽഫലമായി അഞ്ചുദിവസത്തെ ടൈംടേബിൾ പ്രകാരം പാഠ്യഭാഗങ്ങൾ പഠിപ്പിച്ചുതീർക്കാൻ കഴിയാതെ വരും. മാത്രമല്ല പീരിയഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനാൽ തസ്തികകളുടെ എണ്ണത്തിലും മാറ്റം വരും. അദ്ധ്യയന ദിവസം ആഴ്ചയിൽ അഞ്ച് ആക്കിയത് സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്. പുതിയ സമയക്രമം സംബന്ധിച്ച് കാര്യമായ പരാതികളൊന്നും ലഭിച്ചിട്ടുമില്ല. ഈ സാഹചര്യത്തിൽ സമയക്രമം പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ഇപ്പോൾ സർക്കാർ കരുതുന്നില്ല.

(9) മിനി സിവിൽസ്റ്റേഷന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ഭരണാനുമതി

ഡോ. എൻ. ജയരാജ്: സർ, പൊൻകുന്നത്തും സമീപപ്രദേശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ ഒരു സമുച്ചയത്തിലാക്കുക എന്നുള്ള ആശയത്തോടുകൂടിയാണ് മൂന്നുവർഷങ്ങൾക്കുമുമ്പ് പൊൻകുന്നം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുകയും പിന്നീട് രണ്ടാംഘട്ടത്തിന് 4 കോടി 93 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തു. ഇത് രണ്ടുപ്രാവശ്യം ടെണ്ടർ ചെയ്തതാണ്. രണ്ട് പ്രാവശ്യവും സിംഗിൾ ടെണ്ടർ ആണെന്നുള്ള കാരണം പറഞ്ഞ് വീണ്ടും അത് സബ്മിറ്റ് ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലം ഏതാണ്ട് പതിനൊന്നോളം വരുന്ന സർക്കാർ ഓഫീസുകൾ വാടകക്കെട്ടിടത്തിലാണ് കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി പ്രവർത്തിക്കുന്നത്. അമിതമായ വാടക കൊടുക്കുന്നതുമൂലം ഗവൺമെന്റിന് നഷ്ടമുണ്ടാകുന്നതിനോടൊപ്പംതന്നെ കെട്ടിട നിർമ്മാണത്തിന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യംകൂടി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly